**വളരെ അടിയന്തിരം**

നമ്പർ A1- 12000/16

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ ,തിരുവനന്തപുരം.
തീയതി 07.03.17

# പരിപത്രം

വിഷയം: സാമൂഹ്യ നീതി വകുപ്പ്: ബഡ്ജറ്റ് 2016-17-വിവിധ പ്ലാൻ ശീർഷകങ്ങളിൽ മിച്ചമുള്ള തുകകൾ സറണ്ടർ ചെയ്യുവാനും അധികമായി ആവശ്യമായ തുകയ്ക്കുള്ള അപേക്ഷ അയക്കുന്നതും സംബന്ധിച്ച്.

സൂചന: 04.03.17-ലെ A4-27412/16 നം പരിപത്രം

നടപ്പ് സാമ്പത്തിക വർഷം വിവിധ കീഴ്കാര്യാലയങ്ങളിൽ പ്ലാൻ ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള തുകകളിൽ ധന വിനിയോഗം കുറഞ്ഞിരിക്കുന്ന വിവരം ഡയറക്ടറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.ആയതിനാൽ ടി തുകകളിൽ ചെലവഴിക്കാൻ കഴിയാവുന്ന പരമാവധി തുക അടിയന്തിരമായി ചെലവഴിക്കാനുള്ള നടപടികൾ ബന്ധപ്പെട്ട DDO-മാർ ( ഇൻസ്റ്റിറ്റ്യൂഷൻ മേധാവികൾ ഉൾപ്പടെ) സ്വീകരിക്കേണ്ടതാണ് .നടപ്പ് സാമ്പത്തിക വർഷം ഇനി ചെലവഴിക്കുവാൻ സാധ്യത ഇല്ലാത്ത തുകകൾ ഉണ്ടെങ്കിൽ ആയത് മടക്കത്തപാലിൽ ബന്ധപ്പെട്ട SCO-യ്ക്ക് BAMS- മുഖേന സറണ്ടർ ചെയ്ത് കൊടുക്കേണ്ടതും ടി തുക SCO-മാർ ഈ കാര്യാലയത്തിലേയ്ക്ക് BAMS- മുഖേന സറണ്ടർ ചെയ്ത് നല്കേണ്ടതുമാണ്. കൂടാതെ ഈ സാമ്പത്തിക വർഷം ഏതെങ്കിലും ശീർഷകങ്ങളിൽ അധികമായി തുക ആവശ്യമുള്ള പക്ഷം ആയതും DDO-മാർ SCO-മാർക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതും SCO-മാർ ടി വിവരം നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി ഈ കാര്യാലയത്തിലേക്ക് അടിയന്തിരമായി ഈ-മെയിൽ ചെയ്തു തരേണ്ടതുമാണ്.

കൂടാതെ സൂചന സർക്കുലർ പ്രകാരം എക്സ്പെൻഡിച്ചർ സംബന്ധിച്ച് നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിക്കുവാൻ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യനീതിഡയറക്ടർക്കു വേണ്ടി

പകർപ്പ്:

ബന്ധപ്പെട്ട എല്ലാ SCO,DDO- മാർക്കും